പാഠം 10

# ബുദ്ധിമാനായ ന്യായാധിപൻ

**വെ**നീസിലെ, നല്ലവനും കരുണയുള്ളവനുമായ ഒരു വ്യാപാരിയാണ് അന്റോണിയോ. ധാരാളം ചരക്കുകപ്പലുകളുള്ള അദ്ദേഹം, പാവങ്ങൾക്ക് പലിശയില്ലാതെ പണം കടം കൊടുക്കുമായിരുന്നു. അന്റോണിയോയുടെ ഈ സ്വഭാവശുദ്ധിയിൽ, അമർഷമുള്ള മറ്റൊരു ധനികനാണ് ഷൈലോക്ക്. അന്റോണിയോയെ ഏതു വിധേനെയും വകവരുത്തണമെന്നൊരാഗ്രഹം അയാളുടെ മനസ്സിൽ ജനിച്ചിട്ട് കുറച്ചു നാളായി. അതിനായി തക്കം പാർത്തിരിക്കുകയായിരുന്നു അയാൾ.

കഥ നടക്കുന്ന സമയം അന്റോണിയോയുടെ ചരക്കുകപ്പലുകൾ ഒന്നൊന്നായി തകർന്നുകൊണ്ടിരിക്കുകയായിരുന്നു. എന്നിരുന്നാലും പണം ആവശ്യപ്പെട്ട തന്റെ സുഹൃത്തായ ബസാനിയോയ്ക്ക് അയാൾ സഹായം ചെയ്യുന്നുണ്ടായിരുന്നു. അറ്റകൈയ്ക്ക് അന്റോണിയോ ഷൈലോക്കിന്റെയടുത്ത് ചെന്നു. അയാളെ വഞ്ചിക്കണമെന്ന ഉദ്ദേശ്യമുണ്ടായിരുന്ന ഷൈലോക്ക് ഈ അവസരം കളഞ്ഞുകുളിക്കാൻ ആഗ്രഹിച്ചില്ല. ബസാനിയോയ്ക്ക് മൂവായിരം പണം കടം കൊടുക്കാനുള്ള കരാർ അയാൾ ഇപ്രകാരം എഴുതി: 'പറഞ്ഞ സംഖ്യ പറഞ്ഞ സമയത്തു തന്നില്ലെങ്കിൽ പിഴയായി നിങ്ങളുടെ സുന്ദരമായ ശരീരത്തിൽനിന്ന് ഒരു റാത്തൽ (ഏകദേശം 1/2 കിലോ) മാംസം അറുത്തെടുക്കാൻ എനിക്കവകാശമുണ്ട്.' അന്റോണിയോ സമ്മതിച്ചു. കരാറിൽ പറഞ്ഞിരിക്കുന്ന സമയത്തിനു മുമ്പേതന്നെ പണം മടക്കിക്കൊടുക്കാമെന്നൊരു ചിന്ത അയാൾക്കുണ്ടായി. നിർഭാഗ്യമെന്നു പറയട്ടെ, അയാൾ കൂടുതൽ നിസ്വനാവുകയാണുണ്ടായത്. പക നിറഞ്ഞ വാശി ഷൈലോക്കിനെ കൂടുതൽ ദുഷ്ടനാക്കി. കരാർ നടപ്പിലാക്കാൻതന്നെ അയാൾ തീരുമാനിച്ചു. ഈ കൊടും ക്രൂരതയിൽനിന്ന് ഷൈലോക്കിനെ പിന്തിരിപ്പിക്കാൻ പലരും ശ്രമിച്ചു. നിഷ്ഫലമായ ശ്രമം. രാജാവുപോലും നിസ്സഹായനായി.





Scanned with CamScanner

ശിക്ഷ നടപ്പാക്കാൻ നീതിന്യായക്കോടതിക്കു മുൻപിൽ വാദിയും പ്രതിയും എത്തിച്ചേർന്നു.

ഇനിയാണ്, ഈ കഥയുടെ വഴിത്തിരിവ്. ഒരു പുതിയ കഥാപാത്രം ഇവിടെ പ്രത്യക്ഷപ്പെട്ടു. അന്റോണിയോ ആർക്കുവേണ്ടിയാണോ കടക്കെണിയിൽപ്പെട്ടത്, ആ ബസാനിയോയുടെ സ്നേഹിതയായ പോർഷ്യ. ബുദ്ധിമതിയും സുന്ദരിയുമായ അവൾ ഒരു ന്യായാധിപയുടെ വേഷത്തിൽ കോടതിയിലെത്തി.

പോർഷ്യ ഷൈലോക്കിനോട് കരാർപത്രം ആവശ്യപ്പെട്ടു.

അതു വായിച്ചശേഷം പോർഷ്യ അടുത്ത നടപടിയിലേക്ക് നീങ്ങി.

പോർഷ്യ: മാംസം തൂക്കാൻ ത്രാസുണ്ടോ?

ഷൈലോക്ക്: ഉണ്ട്.

പോർഷ്യ (അന്റോണിയോട്): ഹേ, വ്യാപാരീ നിങ്ങൾക്കെന്തെങ്കിലും പറയാനുണ്ടോ?

അന്റോണിയോ: ഇല്ല, ഞാൻ തയ്യാറെടുത്തുകഴിഞ്ഞു.

ഷൈലോക്ക്: ശിക്ഷ നടപ്പാക്കാൻ ഞാനപേക്ഷിക്കുന്നു.

പോർഷ്യ: ശരി, അയാളുടെ നെഞ്ചിൽനിന്ന് ഒരു റാത്തൽ മാംസം നിങ്ങൾതന്നെ മുറിച്ചെടുക്കൂ. പക്ഷേ, ഒരു നിബന്ധനയുണ്ട്: അത് മുറിച്ചെടുക്കുമ്പോൾ ഒരു തുള്ളി രക്തമെങ്കിലും വീണാൽ വെനീസിലെ നിയമമനുസരിച്ച് നിങ്ങളുടെ സകല വസ്തുക്കളും സർക്കാർഖജനാവിലേക്ക് കണ്ടുകെട്ടും.

പോർഷ്യയുടെ പ്രസ്താവന കേട്ട് അന്റോണിയോ നടുങ്ങി. ന്യായാധിപയുമായുള്ള നിരവധി വാഗ്വാദങ്ങൾക്കുശേഷം തന്റെ തെറ്റുകൾ തിരിച്ചറിഞ്ഞ് ഷൈലോക്ക് ഒരു നല്ല മനുഷ്യനാകാൻ തീരുമാനിച്ചു.

*(ലോകപ്രശസ്ത നാടകകൃത്തായ വില്യം ഷേക്സ്പിയറുടെ ശുഭാന്ത നാടകമായ* ***'വെനീസിലെ വ്യാപാരി'*** *എന്ന രചനയുടെ പുനരാഖ്യാനം.)*



**വില്യം ഷേക്സ്പിയർ**

വിശ്വവിഖ്യാതനായ നാടകകൃത്തും കവിയുമായ വില്യം ഷേക്സ്പിയർ 1564 ഏപ്രിൽ 23ന് ഇംഗ്ലണ്ടിലെ ആവൺ നദീതീരത്തുള്ള സ്ട്രാറ്റ്ഫഡിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ലണ്ടനിലെത്തി നാടകശാലകളിൽ ചെറിയ ജോലികൾ ചെയ്തു. 37 നാടകങ്ങളും 154 ഗീതങ്ങളും ഏതാനും ഖണ്ഡകാവ്യങ്ങളും ലഘു ഭാവഗീതങ്ങളും രചിച്ചു. മാക്ബത്ത്, ഒഥെല്ലോ, കിങ്ലിയർ, ഹാംലെറ്റ്, ജൂലിയസ് സീസർ, ആന്റണിയും ക്ലിയോപാട്രയും, റോമിയോയും ജൂലിയറ്റും, ടെമ്പസ്റ്റ്, വെനീസിലെ വ്യാപാരി എന്നിവ അദ്ദേഹത്തിന്റെ പ്രശസ്ത രചനകളാണ്. 1616 ഏപ്രിൽ 23ന് ലണ്ടനിൽ അന്തരിച്ചു.

***ഷേക്സ്പിയറുടെ ജന്മദിനമായ ഏപ്രിൽ 23ന് തന്നെയാണ് ലോക പുസ്തകദിനവും.***



Scanned with CamScanner